**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 11** **08-08-2023 - ൽ മറുപടിയ്ക്ക്**

**സീനിയോരിറ്റി പുനസ്ഥാപിച്ചു നൽകാൻ നടപടി.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | പി.എസ്.സി. ജീവനക്കാരനായ ജോൺസൻ ജി.യുടെ സീനിയോരിറ്റി പുനഃസ്ഥാപിച്ചു നൽകാൻ മൂന്നു കോടതി ഉത്തരവുകളും രണ്ടു സർക്കാർ സ്പഷ്ടീകരണ ഉത്തരവുകളും ലഭ്യമായതിന്റെ അടിസ്ഥാനത്തിൽ മാതൃവകുപ്പിൽ നിന്നും നഷ്ടപ്പെട്ട 2004 മുതലുള്ള മുഴുവൻ സീനിയോറിറ്റിയും മറ്റു സാമ്പത്തിക ആനുകൂല്യങ്ങളും നൽകാനുള്ള പി.എസ്.സി. സെക്രട്ടറിയുടെ ഉത്തരവ് ഏകദേശം അഞ്ചു മാസമായിട്ടും നാളിതുവരെ നടപ്പാക്കാനായി പ്രൊസീഡിംഗ്സ് ഇറക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ; | (എ) | കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ സേവനത്തിലിരിക്കെ പഞ്ചായത്ത് വകുപ്പിൽ എൽ.ഡി ക്ലർക്ക് തസ്തികയിൽ നിയമനം ലഭിച്ച് 25.06.2004 -ൽ വിടുതൽ ചെയ്ത ശ്രീ. ജോൺസൺ ജി- യെ 03.04.2013-ൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ പുന: പ്രവേശിപ്പിക്കുകയും 18.10.2016 വരെയുള്ള സീനിയോറിറ്റി പുനർ നിർണയിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ പുന: പ്രവേശിച്ചതിനു ശേഷം, താഴ്ന്ന വിഭാഗം ജീവനക്കാരിൽ നിന്നും തസ്തികമാറ്റം മുഖേന അസിസ്റ്റന്റ് തസ്തികയിലേയ്ക്കുള്ള നിയമനത്തിനായി ഒഴിവ് നിലവിൽ വന്ന ക്രമത്തിൽ ടിയാൻ അപേക്ഷ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ, 19.10.2016 മുതൽ അസിസ്റ്റന്റ് തസ്തികയിൽ നിയമനം നൽകുകയും അതിനു തുടർച്ചായി, ടി കേഡറിലെ ഉദ്യോഗകയറ്റം അനുവദിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | പി.എസ്.സി. സെക്രട്ടറിയുടെ ഉത്തരവ് പ്രസിദ്ധീകരിക്കാൻ വിമുഖത കാണിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ എന്തു നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ; പ്രസ്തുത ഉദ്യോഗസ്ഥരെ മാതൃകാപരമായി ശിക്ഷിക്കുന്നതിനു എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (ബി) | കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിയുടെ 28.04.2022 -ലെ EST3-3/34872/06/GW നമ്പർ ഉത്തരവ് പ്രകാരം ശ്രീ.ജോൺസൺ ജി -യ്ക്ക് മാതൃവകുപ്പിൽ സീനീയോറിറ്റി അനുവദിച്ച് ഉത്തരവാകുകയും ആയത് പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. ഈ വിഷയത്തിൽ പൊതുഭരണ വകുപ്പ് നൽകിയ 2 സ്പഷ്ടീകരണ ഉത്തരവുകളുടെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. |
| (സി) | ഉത്തരവ് അടിയന്തരമായി പ്രസിദ്ധീകരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ; | (സി) | കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിയുടെ 28.04.2022 -ലെ EST3-3/34872/06/GW നമ്പർ ഉത്തരവ് പ്രകാരം ശ്രീ.ജോൺസൺ ജി -യ്ക്ക് മാതൃവകുപ്പിൽ സീനീയോറിറ്റി അനുവദിച്ച് ഉത്തരവാകുകയും ആയത് പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. ഈ |

| | | | |
|---|---|---|---|
| | | | വിഷയത്തിൽ പൊതുഭരണ വകുപ്പ് നൽകിയ 2 സ്പഷ്ടീകരണ ഉത്തരവുകളുടെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. |
| (ഡി) | പൊതുഭരണ വകുപ്പ് നൽകിയ രണ്ടു സ്പഷ്ടീകരണ ഉത്തരവുകളിലും 2004 മുതലുള്ള എല്ലാ സീനിയോരിറ്റിക്കും ജോൺസൺ ജി.യ്ക്ക് അർഹത ഉണ്ടെന്നും അത് നൽകുന്നതിനു ഉത്തരവായിട്ടും ആ ഉത്തരവ് മനസിലാക്കാൻ കഴിയുന്നില്ല എന്ന് നോട്ട് എഴുതിയ മേലുദ്യോഗസ്ഥൻ ആരാണ്; വീണ്ടും ഉത്തരവ് വളരെ വ്യക്തമായിട്ട് നൽകിയിട്ടും പ്രസ്തുത ഉദ്യോഗസ്ഥൻ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടി എന്തൊക്കെ എന്ന് വ്യക്തമാക്കാമോ;<br>ഇക്കാര്യത്തിൽ നൽകിയ രണ്ടു സ്പഷ്ടീകരണ ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ; | (ഡി) | കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിയുടെ 28.04.2022 -ലെ EST3-3/34872/06/GW നമ്പർ ഉത്തരവ് പ്രകാരം ശ്രീ.ജോൺസൺ ജി -യ്ക്ക് മാതൃവകുപ്പിൽ സീനീയോറിറ്റി അനുവദിച്ച് ഉത്തരവാകുകയും ആയത് പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. ഈ വിഷയത്തിൽ പൊതുഭരണ വകുപ്പ് നൽകിയ 2 സ്പഷ്ടീകരണ ഉത്തരവുകളുടെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. |
| (ഇ) | ജോൺസൺ ജി.യ്ക്ക് കെ.എസ്.&എസ്.എസ്.ആർ. റൂൾ 8 പ്രകാരം മാതൃവകുപ്പിൽ മുഴുവൻ സീനിയോരിറ്റിക്കും അർഹത ഉണ്ടെന്നു മൂന്ന് അപ്പീൽ പെറ്റീഷനുകൾ തള്ളിക്കൊണ്ട് കോടതി ഉത്തരവുകൾ നൽകിയിട്ടുണ്ടെങ്കിലും ഒരു ജീവനക്കാരന് അർഹതപ്പെട്ട സർവീസ് ആനുകൂല്യങ്ങൾ നിഷേധിക്കുന്നത് അടിയന്തരമായി പരിഹരിക്കുവാൻ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ; | (ഇ) | കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിയുടെ 28.04.2022 -ലെ EST3-3/34872/06/GW നമ്പർ ഉത്തരവ് പ്രകാരം ശ്രീ.ജോൺസൺ ജി -യ്ക്ക് മാതൃവകുപ്പിൽ സീനീയോറിറ്റി അനുവദിച്ച് ഉത്തരവാകുകയും ആയത് പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. ഈ വിഷയത്തിൽ പൊതുഭരണ വകുപ്പ് നൽകിയ 2 സ്പഷ്ടീകരണ ഉത്തരവുകളുടെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. |
| (എഫ്) | ഈ വിഷയത്തിൽ പി.എസ്.സി. മെമ്പർമാരുടെ ഒരു സബ് കമ്മറ്റി വിശദമായി അന്വേഷിച്ച മേലിൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ നടപടി സ്വീകരിക്കുമോ; ചട്ടവിരുദ്ധമായി നോട്ട് എഴുതി നിയമലംഘനം നടത്തിയ ജീവനക്കാരിൽ നിന്നും നഷ്ടപരിഹാരം ടിയാന് നൽകുന്നതിന് വ്യവസ്ഥയുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | (എഫ്) | കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിയുടെ 28.04.2022 -ലെ EST3-3/34872/06/GW നമ്പർ ഉത്തരവ് പ്രകാരം ശ്രീ.ജോൺസൺ ജി -യ്ക്ക് മാതൃവകുപ്പിൽ സീനീയോറിറ്റി അനുവദിച്ച് ഉത്തരവാകുകയും ആയത് പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. ഈ വിഷയത്തിൽ പൊതുഭരണ വകുപ്പ് നൽകിയ 2 സ്പഷ്ടീകരണ ഉത്തരവുകളുടെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നമ്പർ.സ്പെ.ഇ1/117/2020/പൊഭവ

പൊതുഭരണ (സ്പെഷ്യൽ-ഇ) വകുപ്പ്
02/06/2021,തിരുവനന്തപുരം

പ്രിൻസിപ്പൽ സെക്രട്ടറി

സെക്രട്ടറി
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ
പട്ടം, തിരുവനന്തപുരം

സർ,

വിഷയം:- പൊഭവ - കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ അസിസ്റ്റന്റായ ശ്രീ.ജോൺസൺ.ജി മാതൃവകുപ്പിൽ ഇടർന്നിരുന്നുവെങ്കിൽ ലഭിക്കേണ്ടിയിരുന്ന സീനിയോറിറ്റി അനുവദിക്കുന്നത് - സ്പഷ്ടീകരണം - സംബന്ധിച്ച്

സൂചന:- താങ്കളുടെ 15.12.2020 തീയതിയിലെ എസ്റ്റാ III (3)34872/2006/GW നമ്പർ കത്ത്

സൂചനയിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ അസിസ്റ്റന്റ് തസ്തികയിൽ നിലവിൽ ജോലി നോക്കിവരുന്ന ശ്രീ.ജോൺസൺ.ജി-യ്ക്ക് 19/3/2013 - ൽ അറ്റൻഡർ ഗ്രേഡ് തസ്തികയിലേക്ക് പുനർനിയമനം നൽകിയ സാഹചര്യത്തിൽ 14/6/2013 - തീയതിയിലെ GO(P) No. 19/2013/P&ARD - പ്രകാരം കെ.എസ് & എസ്.എസ്.ആർ, ഭാഗം-2, ചട്ടം - 8 ൽ വരുത്തിയ ഭേദഗതി ടിയാന്റെ പുനർനിയമനകാര്യത്തിൽ ബാധകമാകുന്നില്ല. ആയതിനാൽ പി.എസ്.സിയിൽ പുനർനിയമനത്തിന് ശേഷം ശ്രീ.ജോൺസൺ. ജി - യ്ക്ക് പ്രസ്തുത ഭേദഗതിയ്ക്ക് മുമ്പുള്ള ചട്ടം - 8 ലെ വ്യവസ്ഥകൾ പ്രകാരമുള്ള സർവ്വീസ് ആനുകൂല്യങ്ങൾക്ക് അർഹതയുണ്ടായിരിക്കുമെന്നുള്ള വിവരം താങ്കളെ അറിയിച്ചുകൊള്ളുന്നു.

വിശ്വസ്തതയോടെ,

Prasantha V K
അണ്ടർ സെക്രട്ടറി
പ്രിൻസിപ്പൽ സെക്രട്ടറിയ്ക്കുവേണ്ടി

815832/2023/ESTT III KPSC HQ

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

നമ്പർ.സ്പെ.ഇ1/145/2021/പൊഭവ

പൊതുഭരണ (സ്പെഷ്യൽ-ഇ) വകുപ്പ്

06/12/2021,തിരുവനന്തപുരം

പ്രിൻസിപ്പൽ സെക്രട്ടറി

സെക്രട്ടറി
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ
പട്ടം, തിരുവനന്തപുരം

സർ,

വിഷയം:- പൊഭവ - ജീവനക്കാര്യം - കേരള പബ്ലിക് സർവ്വീസ് കമ്മീഷനിലെ അസിസ്റ്റന്റായി ജോലി നോക്കിവരുന്ന ശ്രീ.ജോൺസൺ.ജിസ്റ്റ് മാതൃവകുപ്പിൽ തുടർന്നിരുന്നുവെങ്കിൽ ലഭിക്കേണ്ടിയിരുന്ന സീനിയോറിറ്റി അനുവദിക്കുന്നത് - സംബന്ധിച്ച്

സൂചന:- 1) 02.06.2021 തീയതിയിലെ സ്പെ.ഇ1/117/2020/പൊഭവ നമ്പർ സർക്കാർ കത്ത്.
2) താങ്കളുടെ 28.10.2021 തീയതിയിലെ എസ്റ്റാ.III (3) 34872/2006/GW നമ്പർ കത്ത്.

സൂചനയിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. കേരള പബ്ലിക് സർവ്വീസ് കമ്മീഷനിലെ അസിസ്റ്റന്റായി ജോലി നോക്കിവരുന്ന ശ്രീ.ജോൺസൺ.ജിസ്റ്റ് മാതൃവകുപ്പിൽ തുടർന്നിരുന്നുവെങ്കിൽ ലഭിക്കേണ്ടിയിരുന്ന സീനിയോറിറ്റി അനുവദിക്കുന്നത് സംബന്ധിച്ച് സൂചന 1 പ്രകാരം സർക്കാർ സ്പഷ്ടീകരണം നൽകിയിട്ടുണ്ട്. ആയതിനാൽ ഈ വിഷയത്തിൽ വീണ്ടും സ്പഷ്ടീകരണം നൽകേണ്ട ആവശ്യമില്ല. മേൽ സാഹചര്യത്തിൽ സൂചന 1 ലെ കത്തിൽ നിർദ്ദേശിച്ചിരുന്ന പ്രകാരം ഈ വിഷയത്തിൽ തുടർ നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,

Prasantha V K
അണ്ടർ സെക്രട്ടറി
പ്രിൻസിപ്പൽ സെക്രട്ടറിയ്ക്കുവേണ്ടി